പാണത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രം സാമൂഹ്യാരോഗ്യ കേന്ദ്രമായി ഉയർത്താൻ നടപടി

69 (4353) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാണത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രം സാമൂഹ്യാരോഗ്യ കേന്ദ്രമായി ഉയർത്തണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയുടെ നമ്പർ 36639/എം1/2014 തീയതി 13-8-2014 പ്രകാരമുള്ള കത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) ഇല്ലെങ്കിൽ എന്ത കാരണത്താലാണ് റിപ്പോർട്ട് നൽകുവാൻ വൈകുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാണത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ സാമൂഹ്യാരോഗ്യകേന്ദ്രമായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം 13-8-2014-ലെ നം.2460/വി.ഐ.പി./എം (എച്ച്&ഡി)/2014-ലെ നമ്പർ കത്ത് പ്രകാരം ലഭിച്ചിട്ടുണ്ട്. ആയതിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ 13-8-2014-ലെ 36639/എം1/2014 നമ്പർ കത്ത് പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ റിപ്പോർട്ട് ആരോഗ്യ വകുപ്പിൽനിന്നും ലഭിച്ചിട്ടില്ല.

(ഡി) 24x7 പി.എച്ച്.സി.-യായി പദവി ഉയർത്തപ്പെട്ട ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പാണത്തൂർ പി.എച്ച്.സി. 24x7 പി.എച്ച്.സി.-യായി പദവി ഉയർത്തപ്പെട്ടിട്ടുള്ള പ്രാഥമികാരോഗ്യ കേന്ദ്രമാണ്. പ്രസ്തുത സ്ഥാപനത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ 29-8-2013-ലെ സി1-13347/2009 നമ്പർ കത്ത് പ്രകാരം കാസർഗോഡ് ജില്ലാ മെഡിക്കൽ ആഫീസർ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലുംനിന്നുമുള്ള പ്രൊപ്പോസലുകൾ ഇതുവരെ ലഭ്യമാകാത്തതിനാലാണ് മേൽപ്പറഞ്ഞ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കാത്തതെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly